REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 14-04-2026 | സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **നാരീശക്തി ഭരണഘടനാ ഭേദഗതി പാസാക്കുന്നതോടെ വികസിത് ഭാരത് യാത്ര കൂടുതൽ ശക്തിപ്പെടുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഭരണഘടനാ ശില്പി ഡോ. BR അംബേദ്കറിന് രാഷ്ട്രത്തിന്റെ ശ്രദ്ധാഞ്ജലി.**
- **വിഷുവിനെ വരവേൽക്കാൻ ലോകമെങ്ങും മലയാളികൾ ഒരുങ്ങി.**
- **തമിഴ്നാട്ടിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം അവസാന ലാപ്പിലേക്ക്- പശ്ചിമബംഗാളിലും പ്രചാരണം വാശിയേറി.**
- **IPL ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിങ്സ് വൈകിട്ട് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

രാജ്യത്ത് നാരീശക്തി അധിനിയമവുമായി ബന്ധപ്പെട്ട ഭരണഘടനാ ഭേദഗതി ചർച്ച ചെയ്ത് പാസാക്കുന്നതോടെ 2047 ലെ വികസിത് ഭാരത് യാത്ര കൂടുതൽ ശക്തിപ്പെടുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഭേദഗതി ബിൽ ചർച്ച ചെയ്ത് പാസാക്കാൻ മറ്റന്നാൾ പാർലമെന്റ് ചേരും. വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിന് സംഭാവന നൽകാൻ അവസരം ലഭിക്കുന്നതിൽ രാജ്യത്തെ സ്ത്രീകൾ സന്തോഷം പ്രകടിപ്പിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)............

2029 ലെ ലോക്സഭാ തിരഞ്ഞെടുപ്പിലും, നിയമസഭാ തിരഞ്ഞെടുപ്പുകളിലും വനിതാസംവരണം പൂർണമായും നടപ്പാക്കുന്നതോടെ രാജ്യത്തെ ജനാധിപത്യം കൂടുതൽ ശക്തവും ഊർജ്ജ്വസ്വലവുമാകുമെന്ന് നരേന്ദ്രമോദി പറഞ്ഞു. നിയമനിർമ്മാണം പാസാക്കുന്നതിൽ ഇനിയും കാലതാമസം വരുത്തുന്നത് നിർഭാഗ്യകരവും, രാജ്യത്തെ സ്ത്രീകളോട് കാണിക്കുന്ന കടുത്ത അനീതിയായിരിക്കുമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. രാജ്യത്ത് നിയമസഭകളിൽ സ്ത്രീകളുടെ ശബ്ദം ശക്തമാകുമ്പോൾ, ജനാധിപത്യത്തിന്റെ ശബ്ദം തന്നെയാണ് കൂടുതൽ മുഴങ്ങുന്നതെന്നും നരേന്ദ്രമോദി അറിയിച്ചു. നിയമനിർമ്മാണ സഭകളിൽ സ്ത്രീ പ്രാതിനിധ്യം എത്രയും വേഗം ഉറപ്പാക്കാൻ എല്ലാവരും ഒത്തുചേരണമെന്നും നരേന്ദ്രമോദി അഭ്യർത്ഥിച്ചു.

സ്വയംപര്യാപ്തത എങ്ങനെ നേടണമെന്നും, സ്ത്രീകളെ അതെത്രമാത്രം ശാക്തീകരിക്കുമെന്നും, സ്വയം സഹായ ഗ്രൂപ്പുകളും, ലാക്പതി ദീദികളും കാണിച്ചുതരുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. 21-ാം നൂറ്റാണ്ടിൽ മനുഷ്യരാശിയുടെ പുരോഗതിയെ നയിക്കുന്നത് ശാസ്ത്രവും നവീകണവുമാണെന്നം നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

ഇന്ത്യൻ ഭരണഘടനയുടെ മുഖ്യ ശില്പിയായ ഡോ. BR. അംബേദ്കറുടെ 136-ാം ജന്മവാർഷികമായ ഇന്ന് രാഷ്ട്രം ശ്രദ്ധാഞ്ജലിയർപ്പിക്കുന്നു. അംബേദ്കർ ജയന്തിയോടനുബന്ധിച്ച് രാജ്യമെങ്ങും നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ന്യൂഡൽഹിയിൽ, ഡോ. BR. അംബേദ്കറിന് ശ്രദ്ധാഞ്ജലിയർപ്പിക്കാൻ രാവിലെ പാർലമെന്റ് സമുച്ചയത്തിൽ പ്രത്യേക ചടങ്ങ് സംഘടിപ്പിച്ചിട്ടുണ്ട്.

സ്ത്രീകളുടെയും തൊഴിലാളികളുടെയും പാർശ്വവൽകൃത സമുദായങ്ങളുടെയും തുല്യ അവകാശങ്ങൾക്ക് വേണ്ടിയും പ്രവർത്തിച്ച ഡോ. BR അംബേദ്കറിന്റെ സംഭാവനകളെ ഏറെ പ്രാധാന്യത്തോടെയാണ് രാജ്യം അനുസ്മരിക്കുന്നത്.

✪✪✪

ഡോ. B R. അംബേദ്കറുടെ ജന്മവാർഷികത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ആശംസ നേർന്നു. നിയമജ്ഞൻ, സാമ്പത്തിക ശാസ്ത്രജ്ഞൻ, ചിന്തകൻ, സാമൂഹ്യ സമത്വത്തിന്റെ ശക്തനായ വക്താവ് എന്നീ നിലകളിൽ കഴിവുതെളിയിച്ച വ്യക്തിയായിരുന്നു ഡോ. അംബേദ്കർ എന്ന് രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു.

അസമത്വങ്ങൾ ഇല്ലാതാക്കാൻ വഴിയൊരുക്കിയതിനൊപ്പം രാജ്യത്തിന്റെ ജനാധിപത്യ മൂല്യങ്ങളും ഭരണഘടനാ അവകാശങ്ങളും ശക്തിപ്പെടുത്തുന്നതിലും ഡോ. അംബേദ്കർ നേതൃപരമായ പങ്കുവഹിച്ചതായും സ്ത്രീ വിദ്യാഭ്യാസത്തിനും അവരുടെ അവകാശങ്ങൾക്കും അദ്ദേഹം മുൻഗണന നൽകിയതായും രാഷ്ട്രപതി പറഞ്ഞു.

അംബേദ്കറുടെ ആദർശങ്ങൾ ഉൾക്കൊള്ളാനും നീതിയുക്തവും പുരോഗമനപരവുമായ രാഷ്ട്രം കെട്ടിപ്പടുക്കാനും എല്ലാവരും പ്രതിജ്ഞയെടുക്കണമെന്ന് രാഷ്ട്രപതി ആഹ്വാനം ചെയ്തു.

✪✪✪

ഭരണഘടനാ ശില്പി ഡോ. B.R അംബേദ്കറിന് ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആദരാഞ്ജലി അർപ്പിച്ചു. രാഷ്ട്രനിർമ്മാണത്തിന് അംബേദ്കറിന്റെ ശ്രമങ്ങൾ വളരെയധികം പ്രചോദനം നൽകുന്നതാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. നീതിയുക്തവും പുരോഗമനപരവുമായ സമൂഹം കെട്ടിപ്പടുക്കുന്നതിന് അംബേദ്കറിന്റെ ജീവിതവും പ്രവർത്തനവും തലമുറകൾക്ക് കരുത്താണെന്ന് നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

അംബേദ്കറിന്റെ 136-ാം ജന്മവാർഷികാഘോഷത്തിന്റെ ഭാഗമായി വൈകിട്ട് ലോക്ഭവനിൽ ഹൈക്കോടതി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പ്രഭാഷണം നടത്തും. ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അധ്യക്ഷനാകും.

പ്രമുഖരെ ഉൾപ്പെടുത്തി ലോക്ഭവൻ നടത്തി വരുന്ന പ്രഭാഷണ പരമ്പരയുടെ ഭാഗമായാണ് അംബേദ്കർ ജയന്തി പ്രഭാഷണം സംഘടിപ്പിക്കുന്നത്.

✪✪✪

ജാതി വേർതിരിവുകൾ ഇല്ലാത്ത സമൂഹം സൃഷ്ടിക്കാൻ ജീവിതം സമർപ്പിച്ച മഹാനാണ് ഡോ. ബി.ആർ. അംബേദ്കറെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജാതിവ്യവസ്ഥക്കെതിരെ അംബേദ്കർ നടത്തിയ നിർഭയമായ പോരാട്ടങ്ങളും സാമൂഹിക നീതിക്കായി ഉറച്ച ഇടപെടലുകളും എക്കാലവും രാജ്യത്തിന് വഴികാട്ടുന്നവയാണെന്നും ജയന്തിയോടനുബന്ധിച്ച് മുഖ്യമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

കാർഷികോത്സവമായ വിഷുവിനെ വരവേൽക്കാനൊരുങ്ങി നാടും നഗരവും. നാളെ വിഷുപുലർച്ചെയിൽ മലയാളികൾ കണികണ്ടുണരും. കണിയൊരുക്കാൻ അവസാനവട്ട തയ്യാറെടുപ്പിലാണ് എല്ലാവരും.

വിപണികളിൽ ഇന്ന് നല്ല തിരക്ക് അനുഭവപ്പെടും. വിഷുക്കോടിയുടുത്ത് കൃഷ്ണ വിഗ്രഹത്തിന് മുന്നിൽ അലങ്കാരങ്ങളോടെ കണി ഒരുക്കി, വിഭവസമൃദ്ധമായ സദ്യ തയ്യാറാക്കി വിഷു ആഘോഷത്തിൽ പങ്കു ചേരാനൊരുങ്ങു കയാണ് മലയാളികൾ.

ക്ഷേത്രങ്ങളിൽ വിഷുവിന് പ്രത്യേക പൂജകളും ചടങ്ങുകളും ഉണ്ടാകും.

✪✪✪

ശബരിമലയിൽ നാളെ വിഷുപൂജ. പുലർച്ചെ നാലു മുതൽ ഏഴുവരെ വിഷുകണി ദർശനവും വിഷുക്കൈനീട്ടവു മുണ്ടാകും. മണ്ഡലപൂജ കാലം കഴിഞ്ഞാൽ കൂടുതലായി തീർഥാടകരെത്തുന്ന സമയമാണ് വിഷുപൂജാ കാലം. അതിനാൽ സുരക്ഷ ഉൾപ്പെടെ ക്രമീകരണങ്ങൾ സന്നിധാനത്ത് ഒരുക്കിയിട്ടുണ്ട്.

✪✪✪

ഗുരുവായൂർ ക്ഷേത്രത്തിൽ ഭക്തർക്ക് സുഗമമായ വിഷുക്കണി ദർശനത്തിന് ഒരുക്കങ്ങൾ പൂർത്തിയായി. നാളെ പുലർച്ചെ 2.55മുതൽ 3.55 വരെയാണ് വിഷുക്കണി ദർശനം. തുടർന്ന് നിർമ്മാല്യം, അഭിഷേകം ഉൾപ്പെടെ പതിവ് പൂജകളും ദർശനവുമുണ്ടാകും.

✪✪✪

ചിത്തിരപിറവിയിൽ തമിഴ്നാട് ഇന്ന് പുതുവത്സരം ആഘോഷിക്കുന്നു. പരമ്പരാഗത വേഷം ധരിച്ചും വീടുകളിൽ കോലമിട്ടും വിശേഷ വിഭവങ്ങൾ ഒരുക്കിയുമാണ് ചിത്തിരപ്പിറവി ആഘോഷിക്കുന്നത്.

✪✪✪

പുതുവത്സരം ആഘോഷിക്കുന്ന തമിഴ്നാട് ജനതയ്ക്ക് ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്രമോദിയും ആശംസ നേർന്നു. പുതുവത്സര ദിനം മെച്ചപ്പെട്ട ആരോഗ്യവും സന്തോഷവും പ്രദാനം ചെയ്യട്ടെയെന്ന് ഇരുവരും ആശംസിച്ചു.

✪✪✪

വൈശാഖി, ബോഗ് ബിഹു, മേഷാദി പുത്താണ്ട്, പാനസംക്രാന്തി, വിഷു തുടങ്ങിയവ ആഘോഷിക്കുന്ന രാജ്യത്തെ വിവിധ ജനങ്ങൾക്ക് ലോക്സഭാ

സ്പീക്കർ ഓം ബിർള ആശംസ നേർന്നു. ഊർജ്ജസ്വലമായ ഈ ഉത്സവങ്ങൾ ഏകഭാരതം ശ്രേഷ്ഠഭാരതം എന്നതിന്റെ ആത്മാവിനെ പ്രതിഫലിപ്പിക്കുന്നതായി ഓം ബിർള പറഞ്ഞു. സന്തോഷകരമായ അവസരങ്ങൾ ഓരോ വീട്ടിലും സമാധാനവും സമൃദ്ധിയും പുതിയ പ്രതീക്ഷയും കൊണ്ടുവരട്ടെയെന്ന് അദ്ദേഹം ആശംസിച്ചു.

✪✪✪

തമിഴ്നാട്ടിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം അവസാനലാപ്പിലേക്ക്. പരസ്യപ്രചാരണത്തിന് ഒരാഴ്ച ശേഷിക്കെ, മുന്നണികളും, സ്ഥാനാർത്ഥികളും റാലികളും, റോഡ്ഷോകളും സംഘടിപ്പിക്കുന്ന തിരക്കിലാണ്.

തമിഴ്നാട്ടിൽ BJP പ്രകടന പത്രിക പുറത്തിറക്കി. രാവിലെ ചെന്നൈയിൽ മുതിർന്ന BJP നേതാക്കളും, കേന്ദ്രമന്ത്രിമാരുമായ JP നദ്ദയും, പിയൂഷ് ഗോയലും ചേർന്നാണ് പത്രിക പ്രകാശനം ചെയ്തത്. തമിഴ്സ്വത്വം, സ്ത്രീ ശാക്തീകരണം, തൊഴിലവസരങ്ങൾ, അടിസ്ഥാന സൗകര്യ വികസനം എന്നിവയിൽ ഊന്നൽ നൽകുന്നതാണ് പ്രകടന പത്രിക. സംസ്ഥാനത്ത് 27 സീറ്റുകളിലാണ് BJP മത്സരിക്കുന്നത്.

മുഖ്യമന്ത്രി MK സ്റ്റാലിൻ ഇന്ന് വെല്ലൂർ, തിരുപ്പത്തൂർ എന്നീ ജില്ലകളിലെ പ്രചാരണ യോഗങ്ങളിൽ പങ്കെടുക്കും. പ്രതിപക്ഷ നേതാവ് എടപ്പാടി പളനിസാമി തിരുച്ചിറപ്പള്ളിയിലും, ഡിണ്ടിഗലിലുമാണ് പ്രചാരണത്തിനെത്തുക. CPI ദേശീയ ജനറൽ സെക്രട്ടറി D രാജ ചെന്നൈയിൽ തിരഞ്ഞെടുപ്പ് പൊതുയോഗത്തെ അഭിസംബോധന ചെയ്യും. തമിഴ് വെട്രി കഴകം നേതാവും നടനുമായ വിജയ് വിവിധ സ്ഥലങ്ങളിൽ പ്രചാരണത്തിനെത്തും.

✪✪✪

പശ്ചിമബംഗാളിലും തിരഞ്ഞെടുപ്പ് പ്രചാരണ രംഗത്ത് വാശിയേറി. ഒന്നാം ഘട്ടത്തിന്റെ പരസ്യപ്രചാരണത്തിന് ഒരാഴ്ച ശേഷിക്കെ, മുന്നണികളും സ്ഥാനാർത്ഥികളും നഗരങ്ങളിലും ഗ്രാമങ്ങളിലും വോട്ടർമാരെ കാണുന്ന തിരക്കിലാണ്. SIR വിഷയമുയർത്തിയാണ് തൃണമൂൽ കോൺഗ്രസ് നേതൃത്വം നൽകുന്ന മുന്നണിയും, ഇടതുമുന്നണിയും, കോൺഗ്രസും വോട്ടർമാരെ സമീപിക്കുന്നത്. അനധികൃത കുടിയേറ്റക്കാർക്കെതിരായ നിലപാടും, കേന്ദ്രഗവൺമെന്റിന്റെ വികസന നയങ്ങളും കേന്ദ്രീകരിച്ചാണ് NDA യുടെ തിരഞ്ഞെടുപ്പ് പ്രചാരണം. 294 അംഗ നിയമസഭയിലേക്ക് ഒന്നാംഘട്ട വോട്ടെടുപ്പ് ഈ മാസം 23 നും, രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 29 നുമാണ്. മെയ് നാലിനാണ് ഫലപ്രഖ്യാപനം.

✪✪✪

സംസ്ഥാനത്ത് താപനില ഉയരുന്നു. നേരിട്ട് വെയിലേൽക്കുന്നത് സൂര്യാതപത്തിനും ത്വക്ക് രോഗങ്ങൾക്കും നേത്രരോഗങ്ങൾക്കും കാരണമായേക്കും. പൊതുജനങ്ങൾ സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കണമെന്ന് കാലാവസ്ഥാ വകുപ്പ് നിർദേശിച്ചു. പകൽ 10 മുതൽ മൂന്ന് വരെയാണ് ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തപ്പെടുന്നത്. അതിനാൽ ആ സമയങ്ങളിൽ കൂടുതൽ നേരം ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് പരമാവധി ഒഴിവാക്കണം.

✪✪✪

തെക്കുപടിഞ്ഞാറൻ കാലവർഷം ഇത്തവണ സാധാരണയിലും താഴെയായിരിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

ഹൈദരാബാദിൽ IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിങ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. ചെന്നൈയിലെ MA ചിദംബരം സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരക്കാണ് മത്സരം.

✪✪✪

ഇന്ന് ദേശീയ അഗ്നിരക്ഷാസേനാ ദിനം. 1944 ഏപ്രിൽ 14ന് മുംബൈ തുറമുഖത്തെ വിക്ടോറിയ ഡോക്കിൽ നങ്കൂരമിട്ട ബ്രിട്ടീഷ് കപ്പലിലുണ്ടായ തീപിടിത്തത്തിൽ ജീവത്യാഗം ചെയ്ത അഗ്നിരക്ഷാ സൈനികരുടെ ഓർമദിനമാണ് എല്ലാവർഷവും ദേശീയ അഗ്നിരക്ഷാ സേനാ ദിനമായി ആചരിക്കുന്നത്.

അഗ്നിരക്ഷാസേനയുടെ പ്രവർത്തനങ്ങളിൽ പൊതുജനത്തെ ഉൾപ്പെടുത്തി മികച്ച സേവനം ഉറപ്പാക്കുകയാണ് ദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നത്.

കോഴിക്കോട് മുക്കത്ത് അഗ്നിരക്ഷാ സേനയുടെ ആഭിമുഖ്യത്തിൽ ദിനാചരണം സംഘടിപ്പിച്ചു. അഗ്നിരക്ഷാ സേനാംഗങ്ങളും ഹോം ഗാർഡുകളും സിവിൽ ഡിഫെൻസ്, ആപ്തമിത്ര വളണ്ടിയർമാരും ദിനാചരണ റാലിയിൽ പങ്കെടുത്തു.

✪✪✪

സ്വർണവില ഉയർന്നു. പവന് 1,080 രൂപ ഉയർന്ന് ഒരു ലക്ഷത്തി 12,880 രൂപയായി. 14,110 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

കോഴിക്കോട് ഈസ്റ്റ് മൂഴിക്കലിൽ പതിനാറുകാരിയായ പെൺകുട്ടിയെയും 20 കാരനെയും മരിച്ച നിലയിൽ കണ്ടെത്തി. ബന്ധുക്കളായ ഇരുവരെയും തൊട്ടടുത്ത മുറികളിലാണ് മരിച്ച നിലയിൽ കണ്ടെത്തിയത്.

✪✪✪

ആലപ്പുഴ തുറവൂർ താലൂക്ക് ആശുപത്രിയിൽ തീപിടുത്തം. ആശുപത്രിയിലെ മൂന്നാം നിലയിൽ മരുന്നുകൾ സൂക്ഷിച്ച ഗോഡൗണിലാണ് തീ പിടുത്തമുണ്ടായത്. പുക ഉയരുന്നതു കണ്ട് രോഗികളെ ചേർത്തല താലൂക്ക് ആശുപത്രിയിലേക്ക് മാറ്റിയതിനാൽ ആളപായമുണ്ടായില്ല.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: ഫസ്ന ഫാത്തിമ*
*News Team: എ വി ഫർദിസ്*
*DEO : ഷീബ*